# പേശ്

എം. പി. പ്രതീഷ്



**പേരു്**

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 പേരു് . . . . . . . . . . . . . . . . . . 4

2 മിനാരങ്ങൾ . . . . . . . . . . . . 5

3 ഒഴിഞ്ഞ ഒരു കൂട്ട്. . . . . . . . . 6

4 ഈ കുഞ്ഞു പച്ചില... . . . . . 7

5 നിലം . . . . . . . . . . . . . . . . . . 8

6 നൃത്തം. . . . . . . . . . . . . . . . . . 9

7 ഒരിക്കലും . . . . . . . . . . . . . . 10

8 വെയിലിൽ . . . . . . . . . . . . . 11

9 ചുണ്ടുകൾ . . . . . . . . . . . . . . 12

10 നിഴൽ. . . . . . . . . . . . . . . . . . 13

11 കാണാതെ . . . . . . . . . . . . . 14

12 രാത്രി മുഴുവൻ . . . . . . . . . . . 15

13 ആകൃതി . . . . . . . . . . . . . . . 16

14 വേഗം കുറഞ്ഞു് . . . . . . . . . . 17

15 ഏതിരുട്ടിലും . . . . . . . . . . . . 18

16 ഉച്ച . . . . . . . . . . . . . . . . . . . 19

17 വെള്ളം എപ്പോഴും . . . . . . . 20

18 ഒരപ്പം . . . . . . . . . . . . . . . . . . 21

19 പക്ഷികളെ . . . . . . . . . . . . . 22

20 ദാഹം . . . . . . . . . . . . . . . . . . 23

## 1

# പേര്

എല്ലാ ദിവസവും എന്തെങ്കിലും എഴുതി
മടങ്ങിപ്പോവുന്ന കിളികളെ നോക്കിനിന്നു
കഴുകിയ പിഞ്ഞാണങ്ങൾ
തട്ടിൽ ചെരിച്ചുവെച്ചു
വിരലിലെ മുറിവു നീറുന്നു
എഴുതിയ വരികളിൽ ചിലതു വെട്ടിക്കളഞ്ഞു
ബാക്കി വന്നതിത്രയുമാണ്:
എല്ലാ ചെടികൾക്കുമുണ്ട് പേര്
എല്ലാ ഇലത്തുമ്പിലും തൊട്ട്
പേരു വിളിക്കുന്ന ഒരു കുട്ടിയെ
നാവിന്നറ്റത്ത്
പെട്ടെന്ന് കണ്ടതുപോലെത്തോന്നി

# 2

# മിനാരങ്ങൾ

കല്ലുകൾ കഴുകിയെടുത്തു.
മുറിവുകളും അതിന്റെ ഭൂതകാലംപോലെ
നീലനിറവും.

## 3

# ഒഴിഞ്ഞ ഒരു കൂട്

മരത്തിന്റെ പലകയിലിടിക്കുന്ന
ശബ്ദം ആദ്യമുണ്ടായി
തുടരെത്തുടരെ, ഊക്കോടെ
പിന്നെയനക്കമില്ലാതായി

ആ പെട്ടി തുറക്കാൻ തന്നെ
ഞങ്ങൾ തീരുമാനിച്ചു,
ഇത്രയും കാലം കഴിഞ്ഞ്
തുരുമ്പിച്ച താക്കോൽ തിരിച്ചു
പൊടി തിങ്ങിയ ചെറിയ കള്ളിയിൽനിന്ന്
അത് പുറത്തിറങ്ങി
തറയിലൂടെ പതുക്കെ അടിവെച്ചടിവെച്ച്
വാതിൽ കടന്നുപോയി
ചിറകും ചുണ്ടും നഖങ്ങളുമുരഞ്ഞ മുറിവുകൾ
പെട്ടിയുടെ ഉള്ളിൽ ഉണ്ടായിരുന്നു

## 4

# ഈ കുഞ്ഞു പച്ചില എവിടെസ്സൂക്ഷിച്ചു വെയ്ക്കും?

പഞ്ഞിവച്ച് ചുറ്റിയ
കനം കുറഞ്ഞ ശീലയ്ക്കും
മുറിവിനുമിടയിൽ.

# 5

# നിലം

പതിന്നാലു രാത്രികൊണ്ടു വളർന്നു
പറമ്പിലൊറ്റയ്ക്കു നിൽക്കുന്ന പാല
പിന്നത്തെപ്പതിന്നാലു രാത്രിയും കൊണ്ട്
തളിർത്തതും പൂത്തതും പൊഴിച്ചുകളഞ്ഞു
ഉച്ചയ്ക്കു നോക്കുമ്പോഴെരിയുന്ന ചന്ദ്രന്റെ കല
പാതിരയ്ക്കു തണുത്ത ചുണ്ണാമ്പുകട്ട
എല്ലാവരുടേയും നീളൻമുടിയിഴകൾ
കാറ്റിലാദിക്കിലേക്കു നീങ്ങി
കുഞ്ഞുങ്ങൾ ഒളിച്ചുകളിക്കുമ്പോൾ കാലിൽ,
ചോരത്തുള്ളികളൊട്ടി
ഒരടി നീങ്ങാതെ പരിക്രമണം ചെയ്യാതെ
ഉണർന്നു
പുണർന്നു
പിണഞ്ഞു
മയങ്ങിക്കിടന്നു
കാലങ്ങളോളമവിടെ
പാലയും ചില്ലകളിൽച്ചന്ദ്രനും

## 6

# നൃത്തം

പകുതിയിൽ മറച്ച് പിടിക്കുന്ന ചന്ദ്രൻ
ഇവിടെ ഈ ഇരുണ്ട സ്ഥലത്ത്
കൊണ്ടുവെയ്ക്കൂ
സങ്കടങ്ങൾ
തരിതരികൾ മുഴുവനും
ഇടത്തേ മുലയിൽ
പ്രാണനുള്ള
വസ്തുക്കൾ
വലത്തേച്ചിറക് കൂടി
ദേഹത്തെ വെളിച്ചം തുടയ്ക്കൂ
ഇരുളിലാണ്
നൃത്തം

# 7

## ഒരിക്കലും

ദാഹം ഒരിക്കലും വറ്റിപ്പോയില്ല
വെള്ളത്തിൽ ഇരുട്ട്
കലർന്നതുപോലെ
എല്ലാ അറകളിലും രാത്രി നിറഞ്ഞു
കണ്ണാമ്പോത്തിന്റെ ചിറകുകളിൽ
വലയങ്ങളുണ്ടാക്കി

8

# വെയിലിൽ

മടക്കി വെച്ച കുപ്പായങ്ങൾക്കിടയിൽ
ചുളിയാതെ
ഇരുന്നു

അനക്കമില്ലാതെ
നിറമുള്ള ഉടലിലെപ്പൊടി പോലും
നൂലിഴയിൽ പടർത്താതെ
ശ്വാസം പിടിച്ച്
രണ്ടു ചിറകും പരത്തിവച്ച്

## — 9 —

# ചുണ്ടുകൾ

കാറ്റുകൾ
അതുകഴിഞ്ഞിലകൾ
ചെറിയ ചന്ദ്രക്കലകൾ

നനവിൽ വന്ന് ഒട്ടിപ്പിടിച്ചു നിന്നു

കുടഞ്ഞുകളയാൻ വയ്യ
ദേഹത്തുരയുന്നു

അവയുടെ ചുണ്ടുകൾ

# 10

## നിഴൽ

ആഴ്ചയിൽ രണ്ടുതവണ നഖംവെട്ടുന്ന
ദിവസവും ഞാറയിലെ
ഇലകൾ താഴെവീഴുന്ന
മടക്കുകളിലും ചുളിവുകളിലുമെല്ലാം
ഒളിച്ചിരിക്കുന്ന
മുറിഞ്ഞ ചന്ദ്രന്റെ വെളിച്ചം
മുറിഞ്ഞ നഖങ്ങളുടെ വെളുപ്പ്
മുറിഞ്ഞ ഇലകളിലെയീർപ്പം

എല്ലാ ദിവസവും വളരുന്നു,

ചെറിയ വാക്ക്,
കടലാസിൽ ഉണ്ടാക്കിയ
നിഴൽ

# 11

## കാണാതെ

തുന്നിയ
നൂലിന്റെ കെട്ടഴിഞ്ഞ് ആദ്യം
നാലു സുഷിരമുള്ള കുടുക്ക്
കുപ്പായത്തിൽനിന്നൂർന്നു
അതിന്നു പിന്നാലെ
കൂടിന്റെ കമ്പുകളും നാരുകളും വേർപെട്ടു
ചൂടുള്ള ചെറിയ മുട്ടകൾ
കിളിക്കൊപ്പം താഴേക്കു താഴേക്കു
വീണുപോയിക്കാണാതെയായി.

## 12

# രാത്രി മുഴുവൻ

രാത്രി മുഴുവൻ
ഈയിരുണ്ട പുഴയിൽ

മുങ്ങിക്കിടന്നു
ഉണർന്നെഴുന്നേറ്റപ്പോൾ
കൈവെള്ളയിൽ

മിനുസമില്ലാത്തവ
നനഞ്ഞിട്ടില്ലാത്തവ
ചെറിയ കല്ലുകൾ

## 13

# ആകൃതി

ചെറിയ കല്ലുകൾ
തൊട്ടുതൊട്ടു വെച്ച്,
ഒരു കിളിയുടെ ആകൃതിയിൽ
മരത്തിന്റെയും പൊട്ടിയ
ചന്ദ്രന്റെയും ആകൃതിയിൽ
ഒരു കല്ല് മറ്റൊന്നിൽ മുട്ടിയുരഞ്ഞ്
എനിക്ക് ശബ്ദമുണ്ടായി,
എരിയുന്ന ഉടലുകളുണ്ടായി

## — 14 —

# വേഗം കുറഞ്ഞ്

ദേഹത്തുനിന്നും പതുക്കെ വേർപെടുന്നു,

സൂര്യന്റെ ചുണ്ടുകൾ,
ഇലകൾ,
പുഴക്കൂട്ടുകളിലെ
വെളിച്ചപ്പൊടി,
നിഴൽ,
മുറിവുകൾ,
നൂലിഴകൾ,
മരണങ്ങൾ.

# 15

# ഏതിരുട്ടിലും

താഴേത്തറയുടെമൂലയിരുട്ടത്ത്
അങ്ങനെയിരിപ്പായ ഭരണിയും
പിന്നിൽ
നൂറ്റാണ്ടുകളായി മറഞ്ഞു
മറഞ്ഞുകിടക്കുന്നു
നീയഴിച്ചു വച്ചവയെല്ലാം
നഖങ്ങൾ
മുടിയിഴകൾ
കുപ്പായക്കൊളുത്തുകൾ.
പൊടിനീക്കിത്തൊട്ടുനോക്കുകയില്ല,
അവിടിരിക്കട്ടെ,
നൂറ്റാണ്ടുകളോളം.
അഴിഞ്ഞഴിഞ്ഞുപോ,
യൊരു പുളിമരത്തിൻ
കൊമ്പത്തിരിക്കുന്ന നിന്നെ
ഏതിരുട്ടിലും
ഇവിടെനിന്നാലെനിക്കു കാണാം
കാറ്റുകൊണ്ടു തല്ലി
ഇലകൾ നീ താഴെവീഴ്ത്തുന്നതും

## 16

# ഉച്ച

വീടിന്റെ ഒരു ഭാഗത്ത് നിഴൽ വന്നുവീണു,
ഇരുൾ പൊതിഞ്ഞു,
രാത്രിയായി,
ഒരു നട്ടുച്ചയിൽ

മുറ്റത്തിന്റെ വെയിലുള്ളിടത്തേക്ക്
തിടുക്കത്തിൽ നീങ്ങിനിന്നു,
ഒരു ചൂളക്കാക്ക

കുറ്റിക്കാടുകളുടെയും നീർച്ചോലകളുടെയും
നിഴൽ,
സൂര്യചന്ദ്രൻമാരുടെയും കത്തുന്ന
കല്ലുകളുടെയും
മരിച്ചവയുടെയും
മരങ്ങളിലെയും തൊലിയിലെ പൂപ്പൽ,
ആ കിളിയുടെ പാതിയുടലിൽക്കണ്ടു

മുതുകിൽത്തുടങ്ങി വാലറ്റം വരെ,
രാത്രികളുടെ അടയാത്ത കണ്ണുകൾ

## 17

# വെള്ളം എപ്പോഴും

വെള്ളം എപ്പോഴും വെള്ളം തന്നെയായിരുന്നു

കല്ലിന്റെയോ
മുള്ളുള്ള മരങ്ങളുടെയോ
മൂർച്ചയുള്ള ഇരുമ്പിന്റെയോ ആകൃതിയിൽ

ചതുപ്പിന്നടിയിൽ താഴ്ന്നുപോയ കൊമ്പുകളിൽ,

മരണങ്ങളുടെ മുഖങ്ങളിൽ
പുരണ്ട,

വെള്ളം.

# 18

## ഒരപ്പം

ഒരപ്പം.
തണുത്ത്.
കട്ടിയോടെ.
ഉപ്പിന്റെ തരികൾ പറക്കുന്ന പ്രാണികൾ
കാറ്റത്ത് ഉലഞ്ഞുവന്നു കുപ്പായവക്കിൽ
പറ്റിപ്പിടിക്കുന്നു.
ചോരയുടെ നനവ് ചുണ്ടത്ത്
അലിയാതെ നിൽക്കുന്നു.
പാലത്തിന്നടിയിലൂടെ ശവങ്ങൾ വീടുകൾ,
വിലാപങ്ങൾ, പാവകൾ.
കണ്ണുകളിൽ തങ്ങിയ മഴക്കാലം
അതു ചുവന്നു കലങ്ങിയും ചീർത്തും
തുറക്കാനാവാതെ.
മുറിവുകൾ. മുറിവുകൾ.
പൊട്ടിയ കാലടികളും കൈവിരലുകളും.
കട്ടിയോടെ.
തണുത്ത്.
ഒരപ്പം.

# 19

## പക്ഷികളെ

കാൽഭാഗം തീ കൊണ്ടാണ്
പക്ഷികളെ ഉണ്ടാക്കിയത്.
കാൽഭാഗം മണ്ണും വെള്ളവും കൊണ്ട്. കാൽ ഭാഗം വാക്കുകൾ. ഒഴിഞ്ഞുകിടക്കുന്ന നാലാമത്തെ കാൽഭാഗത്ത്, നമ്മൾ, നെൻമണികളുടെയും മനുഷ്യരുടെയും തോടുകളുടെയും ഉണങ്ങാത്ത മരങ്ങളുടെയും, പാർപ്പ്.

## 20

# ദാഹം

പ്രാണികളുടെ ദാഹം
പാറക്കെട്ടുകളിലും
നീരാവിച്ചുറ്റുകളിലും ചെന്നുനിൽക്കുന്നതു കണ്ടു.


കണ്ണിലും
മുറിവിലും
മൂർച്ചയുള്ള വക്കുകൾ.

വെള്ളത്തിന്റെ മറ്റൊരു രൂപമായിരുന്നു,
കല്ലുകൾ

അതലിയാൻ
കാത്തു നിൽക്കുന്നവരാണ് നാം.

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്കു് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.